## NIDAS: 14

# Need and importance of Auditory Verbal Therapy in habitation /rehabilitation of children with hearing impairment

## FREQUENTLY ASKED QUESTIONS

1.ഓഡിറ്ററി വെർബൽ തെറാപ്പി മറ്റു തെറാപ്പികളിൽ നിന്നും വ്യത്യസ്തമാണോ?

അതെ. ആംഗ്യങ്ങളിലൂടെയോ അധരചലനങ്ങളിലൂടെയോ അല്ലാതെ കേൾവിയിലൂടെ മാത്രം സംസാരഭാഷ പരിശീലിപ്പിക്കുന്ന ഒരു രീതിയാണ് ഓഡിറ്ററി വെർബൽ തെറാപ്പി.

2. ഓഡിറ്ററി വെർബൽ തെറാപ്പി കോക്ലിയർ ഇംപ്ലാന്റ് ഉപയോഗിക്കുന്ന കുട്ടികൾക്ക് മാത്രമുള്ളതാണോ?

അല്ല, ഹിയറിങ് എയ്ഡ്, BAHA (Bone Anchored Hearing Aid) എന്നിവ ഉപയോഗിക്കുന്ന കുട്ടികൾക്കും ഓഡിറ്ററി വെർബൽ തെറാപ്പി നൽകുന്നു. ശ്രവണ സഹായിയുടെ സഹായത്തോടെ സംസാരഭാഷയിലെ എല്ലാ ശബ്ദങ്ങളും ഒരു അവർക്ക് കേൾക്കാൻ സാധിക്കണമെന്ന് മാത്രം.

3. ഓഡിറ്ററി വെർബൽ തെറാപ്പി എപ്പോൾ ആരംഭിക്കുന്നതാണ് നല്ലത്?

എത്രയും നേരത്തേ തുടങ്ങുന്നുവോ അത്രയും നല്ലതാണ്. ജനനം മുതൽ മൂന്ന് വയസ്സുവരെയുള്ള കാലയളവിനുള്ളിൽതന്നെ കേൾവിക്കുറവ് കണ്ടുപിടിക്കുകയും അനുയോജ്യമായ ശ്രവണ സഹായി ഉപയോഗിക്കുകയും ഇന്റർവെൻഷൻ നൽകുകയും ചെയ്താലാണ് ഏറ്റവും നല്ല ഫലം ലഭിക്കുക.

4.കുട്ടിക്ക് ചുരുങ്ങിയത് ആഴ്ചയിൽ എത്ര ദിവസം തെറാപ്പി നൽകിയിരിക്കണം?

തുടക്കത്തിൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒന്നോ അല്ലെങ്കിൽ രണ്ടോ ക്ലാസുകൾ കുട്ടിക്ക് നൽകിയിരിക്കണം. പിന്നീട് കുട്ടിയുടെ ആവശ്യത്തിനനുസരിച്ച് ക്ലാസുകളുടെ എണ്ണത്തിന് വ്യത്യാസം വരുത്താം.

5. ഓഡിറ്ററി വെർബൽ തെറാപ്പി എത്രകാലം നൽകേണ്ടതായി വരും?

പരിശീലനത്തിന്റെ ആരംഭത്തിൽ ഒരു കുട്ടിക്ക് തുടർച്ചയായി ഏകദേശം രണ്ട് അല്ലെങ്കിൽ മൂന്നു വർഷത്തേക്ക് ഓഡിറ്ററി വെർബൽ തെറാപ്പി നൽകേണ്ടിവരും. പിന്നീട് തുടർച്ചയായ പരിശീലനത്തിന്റെ ആവശ്യമില്ല. പക്ഷെ കൃത്യമായ ഇടവേളകളിൽ കുട്ടിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യാനുസരണം തെറാപ്പി നൽകേണ്ടതായും വരും.

6. ഓഡിറ്ററി വെർബൽ തെറാപ്പി ഏറ്റവും ഫലപ്രദമാക്കാൻ വേണ്ട ഘടകങ്ങൾ ഏതെല്ലാം?

- കേൾവിക്കുറവ് കൃത്യമായും എത്രയും നേരത്തെ കണ്ടുപിടിക്കുക..
- കേൾവിക്കുറവിന് അനുയോജ്യമായ ശ്രവണസഹായി വയ്ക്കുക.
- ദിവസം മുഴുവനും ശ്രവണ സഹായിയുടെ ഉപയോഗം ഉറപ്പുവരുത്തുക.
- ചിട്ടയായ പരിശീലനം ലഭ്യമാക്കുക.
- ശ്രവണത്തിന് ഊന്നൽ നൽകി കുട്ടിയോട് സന്ദർഭോചിതമായി എല്ലാ അവസരങ്ങളിലും സംസാരിക്കുക.
- കുടുംബാംഗങ്ങളുടെ പിന്തുണ ഉറപ്പുവരുത്തുക.

7. എന്റെ കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റ് സർജറിക്ക് മുൻപുള്ള ടെസ്റ്റുകൾ നടന്നുകൊണ്ടിരിക്കുകയാണ്. തെറാപ്പി തുടങ്ങാൻ സർജറി കഴിയുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടോ?

വേണ്ട. തീവ്രമായ കേൾവിക്കുറവ്(profound loss) ഉള്ള കുട്ടികൾക്ക് പോലും കുറച്ചു കേൾവിശക്തി (residual hearing) ഉണ്ടാകും. ഹിയറിങ് എയ്ഡ് ഉപയോഗിച്ച് പരിശീലിപ്പിച്ചാൽ ആ കേൾവിശക്തി കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും. അതുകൊണ്ട് സർജറി കഴിയും വരെ കാത്തിരിക്കേണ്ട കാര്യമില്ല.

8. കേൾവിക്കുറവിനോടൊപ്പം മറ്റ് ഏതെങ്കിലും വൈകല്യങ്ങളും ഉണ്ടെങ്കിൽ ഓഡിറ്ററി വെർബൽ തെറാപ്പി പ്രയോജനപ്പെടുമോ?

പ്രയോജനപ്പെടും, പക്ഷെ മറ്റ് വൈകല്യങ്ങളുടെ തീവ്രതയ്ക്കനുസരിച്ച് കുട്ടിക്ക് ഉണ്ടാകുന്ന പുരോഗതിക്ക് കാലതാമസം നേരിടുകയോ വ്യത്യാസം വരുകയോ ചെയ്യും. ഓഡിറ്ററി വെർബൽ തെറാപ്പിയോടൊപ്പം കുട്ടിയുടെ മറ്റ് വൈകല്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ വിദഗ്ദ സേവനവും പരിശീലനവും നൽകേണ്ടതും അത്യാവശ്യമാണ്.

9. ഓഡിറ്ററി വെർബൽ തെറാപ്പിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് എന്റെ കുട്ടിക്ക് ലഭ്യമാകുന്നത്?

- കുട്ടിക്ക് അധരചലനങ്ങളിലൂടെയല്ലാതെ കേൾക്കുന്നതിലൂടെ മാത്രം സംസാരഭാഷ സ്വായത്തമാക്കാൻ സാധിക്കുന്നു.
- ആംഗ്യഭാഷ ഉപയോഗിക്കേണ്ടതായി വരുന്നില്ല.
- കുട്ടിക്ക് കേൾവിയുള്ള മറ്റുകുട്ടികളോടൊപ്പം സാധാരണ സ്കൂളിൽ പഠിക്കാൻ സാധിക്കുന്നു.
- കുട്ടിക്ക് സംഗീതം ആസ്വദിക്കാനും ടെലിഫോണിലൂടെ സംഭാഷണത്തിൽ ഏർപ്പെടാനും സാധിക്കുന്നു.

10. എന്റെ കുട്ടിയുടെ ഭാഷാ പുരോഗതിക്കായി ഞാൻ എന്താണ് ചെയ്യേണ്ടത്?

- തുടക്കത്തിൽ കുട്ടിയുടെ അടുത്ത് നിന്നു വേണം കുട്ടിയോട് സംസാരിക്കാൻ. കേട്ട് ശ്രദ്ധിക്കാനുള്ള കഴിവ് വർദ്ധിക്കുന്നതിനനുസരിച്ച് അകലം കൂട്ടാവുന്നതാണ്.
- ഉച്ചത്തിൽ അല്ലാതെ മിതമായ ശബ്ദത്തിൽ വ്യകതമായി കുട്ടിയോട് സംസാരിക്കുക.
- വാക്കുകളിലല്ലാതെ ലഘുവായ വാക്യങ്ങളിലൂടെ തുടക്കത്തിൽ കുട്ടിയോട് സംസാരിക്കുക. പിന്നീട് വാക്യങ്ങളുടെ സങ്കീർണത കൂട്ടാവുന്നതാണ്.
- തുടക്കത്തിൽ കുട്ടിയോട് സംസാരിക്കുമ്പോൾ ചുറ്റുപാടുമുള്ള ശബ്ദങ്ങൾ കഴിവതും കുറയ്ക്കുക. ഉദാ: ടെലിവിഷൻ, ടേപ്പ് റെക്കോർഡർ മുതലായവ.

  പിന്നീട് ശബ്ദമുഖരിതമായ അന്തരീക്ഷത്തിലും കേട്ട് ശ്രദ്ധിക്കുവാൻ കുട്ടിയെ പരിശീലിപ്പിക്കുക.
- അവന്റെ/അവളുടെ ചുറ്റുപാടും കാണുന്ന വസ്തുക്കളെക്കുറിച്ചും സംഭവങ്ങള ക്കുറിച്ചുമുള്ള അവബോധവും അവരിൽ ഉണ്ടാക്കിയെടുക്കുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ

1. നീത എം എൻ
   ടീച്ചർ,എർലി ഇൻറർവെൻഷൻ പ്രോഗ്രാം 0471-3066626
   നിഷ്, തിരുവനന്തപുരം.

2. രജിത എസ് എൽ
   സോഷ്യൽ വർക്കർ 0471-3066638
   നിഷ്, തിരുവനന്തപുരം.